(എ) കേരളത്തിലെ പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ ഉടൻ നടപ്പാക്കണം എന്ന കോടതിവിധി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) കോടതിവിധി നടപ്പിലാക്കാൻ വൈകുന്നതു നിമിത്തം ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളുടെ അപ്രൂവൽ തടഞ്ഞിരിക്കുന്നതിനാൽ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചു ;

(സി) എഞ്ചിനീയറിംഗ് കോളേജ് ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് അന്തിമ തീരുമാനത്തിന് വിധേയമായി സുപ്രീംകോടതി വിധിപ്രകാരമുള്ള പ്രൊമോഷനുകൾക്ക് അംഗീകാരം നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച കരട് നിർദ്ദേശത്തിന്മേൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടന്ന് വരികയാണ്.

എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കാൻ നടപടി

78 (2058) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ എ.ഐ.സി.റ്റി പ്രകാരമുള്ള നിബന്ധനകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ വേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ. നിഷ്ക്കർഷിച്ചിട്ടുള്ള പ്രധാന നിബന്ധനകൾ താഴെ പറയുന്നവയാണ്.

1. 5000 രൂപ വിലയുള്ള അപേക്ഷാ ഫാറത്തിൽ ഓരോ വർഷവും നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മുമ്പ് അപേക്ഷകൾ സമർപ്പിക്കണം. സർക്കാർ സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റികൾക്കും അപേക്ഷാഫീസ് നൽകേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly

2. എ.ഐ.സി.റ്റി.ഇ.യ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം പകർപ്പുകൾ സംസ്ഥാന സർക്കാരിനും സങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനും സമർപ്പിക്കണം.

3. സ്ഥാപനങ്ങൾ നടത്തുന്നതിലുള്ള പരിചയം കാണിക്കാൻ ഈ വിഭാഗത്തിൽ അപേക്ഷകർക്ക് നിലവിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അപേക്ഷയോടൊപ്പം കാണിക്കണം.

4. സ്ഥാപനം തുടങ്ങുന്നതിനാവശ്യമായ ഭൂമി സംബന്ധിച്ച തെളിവ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

5. ട്രസ്റ്റുകളുടേയും സൊസൈറ്റികളുടേയും കാര്യത്തിൽ സ്ഥാപനം തുടങ്ങാനാവശ്യമായ മുഴുവൻ തുകയുടെ 10 ശതമാനം നിക്ഷേപമായുണ്ടെന്നു തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഇത് എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങൾ കൂടാതെ ആയിരിക്കണം. 50 ലക്ഷം രൂപയാണ് എഞ്ചിനീയറിംഗ് ഡിഗ്രി സ്ഥാപനങ്ങൾ തുടങ്ങാനാവശ്യമായ സ്ഥിര നിക്ഷേപം

6. ഒന്നാം വർഷ കോഴ്സുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥിരം കെട്ടിടങ്ങളെങ്കിലും എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരം നിർമ്മിച്ചിരിക്കണം.

7. ഒന്നിലധികം സ്ഥാപനങ്ങൾ തുടങ്ങാൻ അപേക്ഷിക്കുന്നവർ ഓരോ സ്ഥാപനത്തിനും ആവശ്യമായ ഭൂമി, ധനം, കെട്ടിടം മുതലായവ പ്രത്യേകം നീക്കി വച്ചിട്ടുള്ളത് തെളിയിക്കേണ്ടതാണ്.

(ബി) എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ ഗ്രാമപ്രദേശങ്ങളിൽ 25 ഏക്കറും ജില്ലാ സംസ്ഥാനങ്ങളിലും കോർപ്പറേഷൻ പരിധിക്കുള്ളിലും 10 ഏക്കറും മെട്രോനഗരങ്ങളിൽ 5 ഏക്കറും ഭൂമി ആവശ്യമാണ്.

(സി) സംസ്ഥാനത്ത് പുതുതായി എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ആവശ്യമാണ്. അതനുസരിച്ച് എ.ഐ.സി.റ്റി.ഇ.യ്ക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഗവൺമെന്റ് പോളിടെക്നിക്കുകൾ

79 (2059) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് പോളിടെക്നിക്കുകളുണ്ട് ; ഇവയിൽ എത്രയെണ്ണത്തിൽ പ്രിൻസിപ്പൽമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു ;

(ബി) ഈ ഒഴിവുകൾ നികത്താതിരുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ പോളിടെക്നിക്ക് അദ്ധ്യാപകരെ സംബന്ധിക്കുന്ന ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ഏറ്റവും ഒടുവിലത്തെ യോഗം ചേർന്നതെന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly